കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - അഗതിരഹിത കേരളം പദ്ധതി മാർഗ്ഗരേഖ ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(എം.എസ്) നം.126/2018/തസ്വഭവ.** **തിരുവനന്തപുരം,തീയതി: 14/09/2018**

---

പരാമർശം:- 1. 12/12/2017-ലെ സ.ഉ.(കൈ) നം.252/2017/തസ്വഭവ ഉത്തരവ്

2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 05.07.2018-ലെ 8696/17/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

**ഉത്തരവ്**

നിലവിലെ ആശ്രയ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ളവരും പദ്ധതികളിൽ തുടർന്നും സേവനം അർഹിക്കുന്നവരെയും കണ്ടെത്തി ഒരു ഏകീകൃത പദ്ധതി എന്ന നിലയിൽ അഗതിരഹിത കേരളം പദ്ധതി മാർഗ്ഗരേഖ അംഗീകരിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട ഭൂരഹിതരും ഭവനരഹിതരുമായ മുഴുവൻ ഗുണഭോക്താക്കളും ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടാകാൻ സാധ്യതയില്ലാത്തതിനാൽ ടി മാർഗ്ഗരേഖയിലെ 4.2 അടിസ്ഥാന സൗകര്യ ആവശ്യം എന്ന സബ് ഹെഡിങ്ങിലെ 4.21 കിടപ്പാടം - ഭൂമിയിൽ 4.2.1.1 എന്ന ഖണ്ഡികയിലും 4.2.2 വീട് - ൽ 4.2.2.1 എന്ന ഖണ്ഡികയിലും ഭേദഗതി വരുത്തണമെന്ന് പരാമർശം (2) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശിത ഉത്തരവിൽ ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| മാർഗ്ഗരേഖയിൽ നിലവിലുള്ളത് | ഭേദഗതി/പുതിയത് |
|---|---|
| ഖണ്ഡിക : 4.2.1.1<br>സർക്കാർ അംഗീകരിച്ച പദ്ധതിയിലെ ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് നിർമ്മിക്കുന്നതിന് ഭൂമിവാങ്ങി നല്കിയതിനു ശേഷം മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറ്റു കുടുംബങ്ങൾക്കു ഈ ആവശ്യത്തിനു ഭൂമി നല്കുവാൻ പാടുള്ളൂ. | ഖണ്ഡിക : 4.2.1.1<br>ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങളും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെട്ടിട്ടുണ്ടെന്ന് കുടുംബശ്രീ ഉറപ്പുവരുത്തണം. ലൈഫ് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുമ്പോൾ ടി ഗുണഭോക്താക്കൾക്ക് പ്രഥമ പരിഗണന നല്കണം. |
| ഖണ്ഡിക 4.2.2.1<br>സർക്കാർ അംഗീകരിച്ച പദ്ധതിയിലെ ഭവനരഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ സഹായം നല്കിയതിനുശേഷം മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറ്റു കുടുംബങ്ങൾക്ക് വീട് നല്കാൻ പാടുള്ളൂ. | ഖണ്ഡിക : 4.2.2.1<br>ഭവനരഹിതരും വീട് നിർമ്മിക്കുവാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തണം. ലൈഫ് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുമ്പോൾ ടി ഗുണഭോക്താക്കൾക്ക് പ്രഥമ പരിഗണന നല്കണം. |

(3) പരാമർശിത ഉത്തരവ് മേൽ ഭേദഗതികളോടെ നിലനില്ക്കുന്നതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**ശ്രീകല സി.എസ്.**
**ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
കമ്മീഷണർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രസിഡന്റ്/സെക്രട്ടറിമാർക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം )
എല്ലാ ജില്ലാ ആസൂത്രണ സമിതികൾക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**